(ബി) ഓരോ യൂണിറ്റിലും ഉള്ള ജീവനക്കാരുടെ വിവരം താഴെ കൊടുക്കുന്നു.

കുണ്ടറ	..	389
മാമല	..	289
ഒലവക്കോട്	..	45
കാസർഗോഡ്	..	231
എടരിക്കോട്	..	6
കോർപ്പറേറ്റീവ് ഓഫീസ് (എറണാകുളം)	..	49

(സി) 200 ജീവനക്കാരാണ് കഴിഞ്ഞ 5 വർഷത്തിനിടയിൽ വി.ആർ.എസ്. എടുത്തത്.

(ഡി) ഇവരിൽ 53 പേർ ഉയർന്ന ശമ്പളം ലഭിച്ചിരുന്ന ഓഫീസർ വിഭാഗത്തിൽപ്പെട്ടവരാണ്. ഇവരിൽ 2 ജനറൽ മാനേജർമാരും, 9 ഡെപ്യൂട്ടി ജനറൽ മാനേജർമാരും, 9 മാനേജർമാരുമാണ്.

(ഇ) കഴിഞ്ഞ 8 വർഷത്തിനിടയിൽ 7292.13 ലക്ഷം രൂപയുടെ ഓർഡറുകളാണ് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ നിന്നും കെല്ലിന് ലഭിച്ചത്.

(എഫ്) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കെല്ലിന്റെ മാമല യൂണിറ്റിന് 3609.17 ലക്ഷം രൂപയുടെയും ഒലവക്കോട് യൂണിറ്റിന് 877.16 ലക്ഷം രൂപയുടെയും ഓർഡറുകൾ ലഭിച്ചിരുന്നു. കൂടാതെ ലോവർ പെരിയാർ ജല വൈദ്യുതി പദ്ധതിക്ക് വേണ്ടി മാമല യൂണിറ്റിന് 300 ലക്ഷം രൂപയുടെ ഓർഡറും കിട്ടിയിരുന്നു.

സ്വയം തൊഴിൽ പദ്ധതിപ്രകാരം വാണിജ്യബാങ്കുകൾവഴി പ്രയോജനം ലഭിച്ചവർ

5 [1299] ശ്രീ. എ. എ. അസീസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടിനൽകുമോ:

(എ) സ്വയം തൊഴിൽ പദ്ധതി പ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷം വാണിജ്യ ബാങ്കുകൾ വഴി സംസ്ഥാനത്തൊട്ടാകെ എത്ര തുക വിതരണം ചെയ്തു;

(ബി) എത്രപേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു;

(സി) ചെറുകിട വ്യവസായം, വാണിജ്യം, സേവനം എന്നീ മേഖലകളിൽ എത്ര പേർക്ക് വീതം പ്രയോജനം ലഭിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഡി) ഇതിൽ എത്ര വനിതാ വ്യവസായ സംരംഭകർ ഉണ്ടെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) വ്യവസായ വകുപ്പു നടപ്പിലാക്കി വരുന്ന സ്വയംതൊഴിൽ പദ്ധതിയായ പി.എം.ആർ.വൈ. പദ്ധതി പ്രകാരം 2003-2004 സാമ്പത്തിക വർഷം 6004.75 ലക്ഷം രൂപ വാണിജ്യ ബാങ്കുകൾവഴി വിതരണം ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 20377 പേർക്ക് തുക അനുവദിക്കുകയും 11459 പേർക്ക് വിതരണം ചെയ്യുകയും ചെയ്തു.

(സി) ചെറുകിട വ്യവസായ മേഖലയിൽ 4507 പേർക്കും വാണിജ്യ മേഖലയിൽ 7031 പേർക്കും സേവന മേഖലയിൽ 8117 പേർക്കും പ്രയോജനം ലഭിക്കുന്ന രീതിയിലാണ് തുക അനുവദിച്ചിട്ടുള്ളത്.

(ഡി) 6834 വനിതാസംരംഭകർക്ക് തുക അനുവദിക്കുകയും 3538 പേർക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാനത്തെ പൊതുമേഖലയിലെ ടെക്സ്റ്റയിൽ മില്ലുകൾ

6 [1300] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമേഖലയിൽ എത്ര ടെക്സ്റ്റയിൽ മില്ലുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) സഹകരണമേഖലയിൽ എത്ര മില്ലുകളാണുള്ളത്;

(സി) ടെക്സ്റ്റയിൽ മില്ലുകൾ പുനരുദ്ധരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ഡി) ഏതെങ്കിലും മിൽ അടച്ചുപൂട്ടാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) സ്വകാര്യമേഖലയിൽ ഏതെല്ലാം മില്ലുകൾ പൂട്ടിക്കിടക്കുന്നുണ്ടെന്ന് അറിയിക്കാമോ;

(എഫ്) പ്രസ്തുത മില്ലുകളിൽ ജോലി നഷ്ടപ്പെട്ട സ്ഥിരം തൊഴിലാളികൾ എത്രയെന്നും, താൽക്കാലിക തൊഴിലാളികൾ എത്രയെന്നും അറിയിക്കാമോ;

(ജി) പൂട്ടിയ മില്ലുകൾ തുറപ്പിക്കാനും തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കാനും എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(എച്ച്) ഈ തൊഴിലാളികളുടെ ദീർഘകാല കരാറിന്റെ കാലാവധി എന്ന് അവസാനിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഐ) കരാർ പുതുക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) 7 എണ്ണം.

(ബി) 7 സ്പിന്നിംഗ് മില്ലുകളും 5 പവർലൂമുകളും.

(സി ആന്റ് ഡി) എന്റർപ്രൈസ് റിഫോംസ് കമ്മിറ്റി (ഇ.ആർ.സി.)യുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ പുനരുദ്ധാരണ നടപടികൾ നടന്നുവരുന്നു. തിരുവനന്തപുരം സ്പിന്നിംഗ് മിൽ, കേരള ടെക്സ്റ്റയിൽ കോർപ്പറേഷന്റെ കീഴിൽ

LIBRARY ARCHIVES Kerala Legislative Assembly